**പുരുഷന് ലൈംഗികസ്വാതന്ത്ര്യം അനുവദിക്കുകയും
സ്ത്രീക്ക് അത് നിഷേധിക്കുകയും ചെയ്യുന്ന
നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷാധിപത്യമുള്ള വ്യവസ്ഥയാണ്
കേരളത്തിൽ ലൈംഗിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്**

**ഡോ. എം. ഗംഗാധരൻ / കേരളീയം**

# ലൈംഗികതയെ വികലമാക്കുന്നത് പുരുഷാധിപത്യ ചരിത്രം

**പാതിവ്രത്യമാണോ കുടുംബത്തിന്റെ അടിത്തറ?**

ഇന്ന് പൊതുവെ ഇന്ത്യയിൽ പാതിവ്രത്യം കുടുംബത്തിന്റെ അടിത്തറയായി കാണുന്നുണ്ട്. സ്ത്രീകളാൽ ഭൂരിഭാഗവും അങ്ങിനെ കാണാൻ കണ്ടീഷൻ ചെയ്യപ്പെട്ടവരാണ്. അതുകൊണ്ട് പരപുരുഷനുമായി ബന്ധപ്പെടുന്നത് വലിയ തെറ്റാണെന്ന തോന്നലാണ് ഇന്ത്യയിലെങ്ങുമെന്നപോലെ കേരളത്തിലും ഏതാണ്ടെല്ലാ സ്ത്രീകൾക്കുമുള്ളത്; അല്പം ചില അപവാദങ്ങൾ വലിയ പട്ടണങ്ങളിലും നഗരങ്ങളിലുമുണ്ടാവാം.

അതേസമയം കുടുംബത്തിലെ പുരുഷന്റെ പരസ്ത്രീബന്ധം വലിയ തെറ്റായി അധികമാരും കാണുന്നില്ല. വാസ്തവത്തിൽ പരസ്ത്രീയുമായി ബന്ധപ്പെടാത്ത പുരുഷന്മാർ ഇവിടെ ഉണ്ടാവില്ല എന്നു തന്നെ പറയാം. അങ്ങിനെ ബന്ധപ്പെടുന്ന സ്ത്രീ വിവാഹിതയായാലും അവിവാഹിതയായാലും അലട്ടുന്ന കുറ്റബോധത്തോടെയാണ് അതിന് തയ്യാറാവുന്നത്. ലൈംഗികത്തൊഴിലാളിയുടെ കാര്യത്തിൽ പോലും കുറ്റബോധമുണ്ടാവുമെന്ന് നളിനി ജമീല ഒരിക്കലെന്നോട് പറഞ്ഞിട്ടുണ്ട്. അത്രത്തോളം ഉറച്ചതാണ് ഇക്കാര്യത്തിൽ സ്ത്രീകൾക്കുള്ള ധാരണ. ഇങ്ങിനെ പരമപ്രധാനമായി പാതിവ്രത്യത്തെ കാണുന്നത് ഭാരതീയ സംസ്കാരത്തിന്റെ പ്രധാന ഭാഗമാണ് എന്നൊക്കെ വാദിക്കുന്ന പുരുഷന്മാർ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. പക്ഷെ, അങ്ങിനെ സമർത്ഥിക്കാൻ ശ്രമിക്കുന്നവരും തരംകിട്ടിയാൽ ഏതു സ്ത്രീയുടെയും പാതിവ്രത്യം ഉടയ്ക്കാൻ തയ്യാറാവുന്നവരായിരിക്കും!

ഈ വിധത്തിൽ പുരുഷന് ലൈംഗികസ്വാതന്ത്ര്യം അനുവദിക്കുകയും സ്ത്രീക്ക് അത് നിഷേധിക്കുകയും ചെയ്യുന്ന അവസ്ഥ പുരുഷാധിപത്യമുള്ള എല്ലാ സമൂഹങ്ങളിലും നിലനിന്നിട്ടുണ്ട്. പാശ്ചാത്യ രാജ്യങ്ങളിലും ജപ്പാനിലും മറ്റും ഇതിൽ അല്പം മാറ്റം വന്നത് ആധുനികഫെമിനിസം ശക്തിപ്പെടുകയും ഗർഭനിരോധനരീതികൾ എളുപ്പം സ്വീകരിക്കാൻ സാധ്യമാവുകയും സ്ത്രീക്കും അത്യാനന്ദകരമായ രതിമൂർച്ഛ സിദ്ധിക്കുമെന്ന് അനുഭവങ്ങളിലൂടെ പല സ്ത്രീകളും കണ്ടെത്തുകയും ചെയ്തതോടെയാണ്.

**ചരിത്രത്തിന്റെ ഏതു ഘട്ടത്തിലാണ് പാതിവ്രത്യം കുടുംബത്തിന്റെ അടിത്തറയാണെന്ന ധാരണയുണ്ടായത്? ഏംഗൽസ് എഴുതുന്നതുപോലെ സ്വകാര്യസ്വത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ടാണോ?**

എംഗൽസിന്റെ ആശയം തികച്ചും ശരിയാണ്. സ്വകാര്യസ്വത്തുണ്ടായതോടെ സ്വത്തുള്ളവർ യഥേഷ്ടം ഉപയോഗിക്കാവുന്ന ഒരു വസ്തുവായി സ്ത്രീയെ കണ്ടുതുടങ്ങിയിരിക്കണം. മാത്രവുമല്ല, സ്വന്തം സ്വത്ത് തന്റെ ശരീരത്തിൽ പിറന്നവനുതന്നെ ലഭിക്കണമെന്ന വാശിയും സ്വത്തുള്ള പുരുഷന്മാർക്കുണ്ടായി. അല്പം സ്വത്തുള്ളവർ പോലും മേൽക്കിടക്കാരനെ ഇക്കാര്യത്തിൽ അനുകരിക്കാനും തുടങ്ങിയെന്നു കരുതണം. സ്വത്ത് തീരെയില്ലാത്തവർക്കിടയിൽ ഇന്നും സ്ത്രീകൾ തരതമ്യേന സ്വതന്ത്രരാണ്. പ



ക്ഷെ, അത് അവരുടെ സംസ്കാരശൂന്യമായ അഴിഞ്ഞാട്ടമാണെന്ന് മേൽക്കിടക്കാർ പറഞ്ഞു പരത്തുന്നതുകൊണ്ട് പുരുഷനാൽ ഒതുക്കപ്പെടുന്ന സ്ത്രീകളും അവർക്കിടയിലുണ്ട്.

**കേരളത്തിലെ അവസ്ഥയെന്താണെന്ന് ചരിത്രപരമായി വിശദീകരിക്കാമോ?**

ഏതാണ്ടൊക്കെ പറയാം എന്നു മാത്രം. കേരളത്തിൽ വടക്കുപടിഞ്ഞാറുനിന്നെത്തിയ ബ്രാഹ്മണർ (നമ്പൂതിരിമാരായറിയപ്പെടുന്നവർ) കൃഷിഭൂമി സ്വന്തമാക്കുകയും അതിൽ ധാന്യകൃഷി ചെയ്യാൻ ഇവിടുത്തെ ആദിമനിവാസികളെ പരിശീലിപ്പിക്കുകയും ചെയ്തത് ഏതാണ്ട് ക്രിസ്തുവർഷം 7-8 നൂറ്റാണ്ടുകളിലാവണം. അവർ മണ്ണിൽ പണിചെയ്യുന്നവരുടെ മേൽ നോട്ടം വഹിക്കാനും ഭൂവുടമയ്ക്ക് സംരക്ഷണം നൽകാനുമായി ചില ഗോത്രവർഗ്ഗങ്ങളെ മലയിൽനിന്നിറക്കി കൊണ്ടുവന്ന് ഇണക്കിയിട്ടുണ്ടാവണം. ഇവരാണ് നായർ, നമ്പ്യാന്മാർ തുടങ്ങിയ പിൽക്കാലത്തെ ജാതിവിഭാഗങ്ങളായത്. സുഗന്ധവ്യഞ്ജനങ്ങളുടെ കടൽവഴിക്കുള്ള കച്ചവടത്തിൽനിന്ന് ഗണ്യമായ വരുമാനം കിട്ടിത്തുടങ്ങിയ 9-ാം നൂറ്റാണ്ടുകളിൽ കച്ചവടക്കാരിൽനിന്ന് കിട്ടുന്ന ചുങ്കം, ലാഭത്തിന്റെ ഒരു വിഹിതം തുടങ്ങിയതിനെ ആശ്രയിക്കുന്ന രാജസ്ഥാനങ്ങൾ രൂപപ്പെട്ടിരിക്കണം. കയ്യൂക്കും ആൾബലവുമുള്ള നായന്മാരാണ് ഈ രാജസ്ഥാനങ്ങളിലെത്തിയത്. ഒന്നോ രണ്ടോ ബ്രാഹ്മണകുടുംബങ്ങളും രാജാധികാരം ഏറ്റെടുത്തിട്ടുണ്ട്. ഇവരെല്ലാം ബ്രാഹ്മണർക്ക് വിധേയരായി ഭരിക്കണം എന്നനുശാസിക്കുന്ന പ്രത്യയശാസ്ത്രം രൂപപ്പെടുത്താൻ നമ്പൂതിരിമാർക്ക് കഴിഞ്ഞിട്ടുണ്ട്. രാജകുടുംബങ്ങളുടേയും കച്ചവടക്കാരുടേയും സംരക്ഷണത്തിന് നായന്മാർക്ക് ആയുധപരിശീലനം നൽകിത്തുടങ്ങിയിരിക്കണം. ആ ഘട്ടത്തിലാവാം കളരികൾ ആരംഭിച്ചത്. ആയുധപരിശീലനം നേടിയവരാണ് നായന്മാർ എന്ന് ക്രമത്തിൽ അംഗീകരിക്കപ്പെട്ടു; അവർക്ക് ജാതിശ്രേണിയിൽ ഉയർന്ന സ്ഥാനം ലഭിക്കുകയും ചെയ്തു.

**നമ്മുടെ സ്ത്രീ 'സത്യത്തിൽ' പതിവ്രതകളാണോ എന്ന സംശയം, പുരുഷന്മാരിൽ നിന്നും വ്യത്യസ്തമാണ് സ്ത്രീകളുടെ ലൈംഗിക അഭിലാഷങ്ങളെന്ന് തിരിച്ചറിയാത്തതുകൊണ്ട് ഉണ്ടാവുന്നതാണ്. പുരുഷന്റെ ലൈംഗികാസക്തി ശരീര വിസർജ്ജനങ്ങളെ പുറത്തുവിടാനുള്ള മുട്ടൽ പോലുള്ളതാണ്. സ്ത്രീയുടേത് രുചികരമായ ഭക്ഷണത്തിനുള്ള ആഗ്രഹം പോലുള്ളതാണ്. ഭക്ഷണം പാകപ്പെട്ട് കിട്ടുമ്പോൾ രുചിക്കാം അല്ലാതെ അതിനൊരു മുട്ടലൊന്നുമില്ല. പക്ഷെ പുരുഷന്മാർ പലരും സ്ത്രീകളും തങ്ങളെപ്പോലെ ലൈംഗികമായ മുട്ടലുമായി നടക്കുന്നവരാണെന്നു കരുതുന്നു**

കേരളത്തിലെ ധാന്യകൃഷിക്കു പറ്റിയ ഭൂസ്വത്ത് മുഴുവൻ നമ്പൂതിരിമാരുടേതാണെന്ന് 12-ാം നൂറ്റാണ്ടോടെ ഉറപ്പിച്ചശേഷം അവർ ആ ഭൂമി വിഭജിച്ച് പോവാതിരിക്കാനുള്ള സൂത്രപ്പണികൾ ആവിഷ്കരിച്ച് സമർഥമായി നടപ്പിൽ വരുത്തുകയും ചെയ്തു. അങ്ങിനെയാണ് ഓരോ നമ്പൂതിരി ഇല്ലത്തെയും മൂത്തമകനുമാത്രമെ സ്വത്തുകൾക്കവകാശമുള്ളൂ എന്ന് വ്യവസ്ഥ ചെയ്തത്. മൂത്ത മകനുമാത്രമേ വേളിക്ക് (വിവാഹത്തിന്) അവകാശമുള്ളൂ എന്നും വിധിച്ചു. ഇളയമക്കൾക്ക് (അഫന്മാർക്ക്) വിവാഹം തന്നെ നിഷേധിച്ചു. പക്ഷെ അവരുടെ ലൈംഗികാവശ്യങ്ങൾക്കായി നായന്മാരുടെ സ്ത്രീകളെ ഉപയോഗിക്കാവുന്ന സംബന്ധരീതി ആരംഭിക്കുകയും ചെയ്തു. ഓരോ ഇല്ലത്തെയും അച്ഛൻ നമ്പൂതിരിക്കു മാത്രം വേളി കഴിക്കാം എന്നുവന്നപ്പോൾ നമ്പൂതിരി സ്ത്രീകൾക്ക് വിവാഹംകഴിക്കാൻ അല്പം ചില അച്ഛൻനമ്പൂതിരിമാർ മാത്രമാണുള്ളത് എന്നുവന്നു. അപ്പോൾ ഒരു മൂത്തനമ്പൂതിരിതന്നെ അഞ്ചും എട്ടും നമ്പൂതിരിസ്ത്രീകളെ വേളികഴിക്കുന്നത് അനുവദനീയമായി. അവരുടെയെല്ലാം പുരുഷബന്ധത്തിനുള്ള ആഗ്രഹം ശമിപ്പിക്കാൻ ഒരാളെക്കൊണ്ട് സാദ്ധ്യമല്ല എന്ന അവസ്ഥയുണ്ടായിരുന്നു. അതുകൊണ്ട് ഈ അന്തർജനങ്ങൾ 'പിഴയ്ക്കാ'തിരിക്കാൻ കർശനമായ ജാഗ്രത വേണ്ടിവന്നു. പരപുരുഷന്മാരോട് അവർക്കാർക്കെങ്കിലും നേരിയ അടുപ്പമുണ്ടായി എന്ന ശങ്കയുണ്ടായാൽത്തന്നെ അവരെ സ്മാർത്തവിചാരത്തിന് വിധേയമാക്കാനും ശങ്കയ്ക്കടിസ്ഥാനമുണ്ടെന്ന് പ്രാകൃതമായ വിചാരണരീതികളിലൂടെ തെളിഞ്ഞാൽ അവരേയും അവരുമായി ബന്ധപ്പെട്ട പുരുഷന്മാരേയും സമൂഹത്തിൽ നിന്ന് ഭ്രഷ്ടാക്കാനുള്ള അധികാരം നമ്പൂതിരിമാർക്കുണ്ടായിരുന്നു. ഈ ക്രൂരതയിൽ പ്രതിഷേധിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഒരു താത്രിക്കുട്ടി സ്വന്തം പിതാ

വടക്കമുള്ള പല പുരുഷന്മാരുമായി ലൈംഗികബന്ധം പുലർത്തി സ്വയം ഭ്രഷ്ട് വരിച്ചതും മറ്റും ഇന്ന് പരക്കെ അറിയപ്പെടുന്നതാണല്ലോ. ഈവിധം സ്ത്രീകളെ ദ്രോഹിക്കുന്ന ഒരു വ്യവസ്ഥ സംസ്കാരസമ്പന്നരെന്ന് സ്വയം അവകാശപ്പെട്ടിരുന്ന നമ്പൂതിരിമാർ പലനൂറ്റാണ്ടുകാലം നിലനിർത്തിയതിന് സമാനമായ ഒരു സ്ത്രീപീഡനം ലോക ചരിത്രത്തിൽ ത്തന്നെ വേറെ ഉണ്ടാവില്ല. വിടി. ഭട്ടതിരിപ്പാടിന്റേയും മറ്റും നേതൃത്വത്തിൽ നടന്ന പരിഷ്കരണപ്രസ്ഥാനമാണ് ഈ ദ്രോഹങ്ങളെ 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അവസാനിപ്പിച്ചത്.

നമ്പൂതിരിഇല്ലങ്ങളിലെ അഫൻക്ക് ലൈംഗികബന്ധത്തിന് നായർ സ്ത്രീകളെ ഉപയോഗിക്കുന്നതിന് പ്രതിഫലം എന്ന നിലയ്ക്ക് നായർതറവാടുകൾക്ക് പാട്ടത്തിന് നമ്പൂതിരിമാരുടെ ഭൂമി നൽകിപ്പോന്നു. മണ്ണിലിറങ്ങി കൃഷി ചെയ്തിരുന്ന അടിയാളരിൽനിന്ന് ധാന്യവിളവിന്റെ നല്ലോരു ഭാഗം പിരിച്ചെടുക്കുന്നതും അതിൽ പകുതിയിലേറെ ജന്മിയായ നമ്പൂതിരിക്ക് പാട്ടമായിനൽകുന്നതുമാണ് പതിവായത്. ഈ അവസ്ഥയിൽ നായർ സ്ത്രീകൾക്ക് പാതിവ്രത്യം പാടില്ല എന്ന് കേരള ബ്രാഹ്മണർ വിധിച്ചിരുന്നു. ഇത് ഫലത്തിൽ അഫന്മാർക്കും നായർ പുരുഷന്മാർക്കും ലൈംഗികസ്വാതന്ത്ര്യം അനുവദിച്ചിരുന്നു. പക്ഷെ നായർ സ്ത്രീകളും ഇത്തരം സ്വാതന്ത്ര്യം അനുഭവിച്ചുപോന്നു എന്ന് കരുതുന്നത് ശരിയാവില്ല. തറവാട്ടിലെ കാരണവരോ സ്ഥലത്തെ ഏതെങ്കിലും ജന്മിയോ നിർദേശിക്കുന്ന, കീഴ്ജാതിക്കാരനല്ലാത്ത പുരുഷനുമായി ലൈംഗികബന്ധം പുലർത്താൻ അവർ നിർബന്ധിതരായിരുന്നു. ചിലപ്പോൾ ഇത്തരം നിർദേശങ്ങളെ സ്വീകരിക്കാതിരിക്കുന്ന 'പുലപ്പേടി'യും 'മണ്ണാപ്പേടി'യും മറ്റും. അല്ലാതെ നായർ സ്ത്രീകളെ പിടിച്ചു കൊണ്ടുപോകാനുള്ള അവകാശം ചില കാലങ്ങളിൽ അടിയാള വിഭാഗത്തിനു നല്കിയിരുന്നതിനെയാണ് 'പുലപ്പേടി'യെന്നൊക്കെ കരുതുന്നത് ശുദ്ധപോഴത്തമായിരിക്കും.

നായന്മാർക്കിടയിലെ മരുമക്കത്തായ വ്യവസ്ഥയിൽ സ്ത്രീകൾക്കുണ്ടാവുന്ന മക്കളെ പുലർത്തുവാനുള്ള ഉത്തരവാദിത്വം അവരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന പുരുഷന്മാർക്കുണ്ടായിരുന്നില്ല. അവരുടെ ചിലവുകൾ തറവാട് വഹിക്കുന്നതായിരുന്നു പതിവ്. അതിനാണ് കാണമായും മറ്റും ലഭിക്കുന്ന ഭൂമിയിൽനിന്നുള്ള വരുമാനം ഉപയോഗിച്ചിരുന്നത്.

ഈ വിധത്തിൽ മേൽജാതിക്കാരായ പുരുഷന്മാർ ലൈംഗികാവശ്യത്തിനുപയോഗിക്കുന്ന സ്ത്രീകൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഉണ്ടായിരുന്നു. തമിഴ്നാട്ടിലെ ദേവദാസികളും ആന്ധ്രയിലെ 'വോഗം' വിഭാഗത്തിൽപ്പെട്ട സ്ത്രീകളും മറ്റും അത്തരക്കാരായിരുന്നു. പക്ഷെ ആധുനിക കാലത്ത് ആ സ്ത്രീകൾ ലൈംഗികത്തൊഴിലാളികളായിത്തീരുകയാണുണ്ടായത്. കൽക്കത്തയിലെ 'സോണാഗച്ചി', ബോംബെയിലെ ചുവന്ന തെരുവുകൾ തുടങ്ങിയതിൽ അത്തരത്തിലുള്ളവരാണുള്ളത്. ദേവദാസികൾ നൃത്ത-നൃത്യാദികളിലേക്കും മറ്റു കലകളിലേക്കും മാറിയിട്ടുണ്ട്. 'വോഗം' വിഭാഗത്തിൽപ്പെട്ട പലരും ഇപ്പോഴും സമ്പന്നരായ അഭിസാരികകളാണെന്ന് കേൾക്കുന്നു.

കേരളത്തിലെ നായർ സ്ത്രീകൾക്ക് പൊതുവെ ഈ അവസ്ഥയുണ്ടായില്ല. ഇതിനു കാരണം ബ്രിട്ടീഷാധിപത്യത്തിന്റെ കാലത്ത് ലഭ്യമായ ഇംഗ്ലീഷുവിദ്യാഭ്യാസത്തിലൂടെ നായർ പുരുഷന്മാർ പലരും സർക്കാർ ജോലിക്കാരായതാണ്. അവർ മരുമക്കത്തായത്തിലെ സംബന്ധരീതി മാറ്റിത്തീർക്കാനാഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി തറവാടുകൾ ഭാഗിക്കപ്പെട്ടപ്പോൾ ഉദ്യോഗസ്ഥന്മാരുടെ അണുകുടുംബങ്ങൾ രൂപപ്പെട്ടു. ഈ കുടുംബങ്ങൾ സ്വീകരിച്ചത് വ്യവസായ വിപ്ലവത്തിനു ശേഷം യൂറോപ്യൻരാജ്യങ്ങളിൽ പരന്നുപിടിച്ച വിക്ടോറിയൻ സദാചാരവ്യവസ്ഥയെയാണ്. അതനുസരിച്ച് സ്ത്രീകളെല്ലാം വീട്ടിലും നാട്ടിലും സദാ പാതിവ്രത്യം സംരക്ഷിച്ചുകൊണ്ട് ഒതുങ്ങിക്കഴിയുന്നതും പുരുഷന്മാർ വ്യവസായശാലകളിലും ഓഫീസുകളിലും ജോലി ചെയ്യുന്നതും മാന്യന്മാർക്ക് ചേർന്നതായി കരുതപ്പെട്ടു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാതിയിൽ നമ്പൂതിരി സമുദായത്തിലുണ്ടായ പരിഷ്കരണപ്രസ്ഥാനത്തിന്റെ ഫലമായി സമുദായത്തിലെ അഫന്മാരടക്കമുള്ള പുരുഷന്മാർ സ്വജാതിവിവാഹത്തിലേർപ്പെടുന്ന അവസ്ഥയുണ്ടായി. അവരും അണുകുടുംബങ്ങളായി പിരിഞ്ഞു. പക്ഷെ ഈ കുടുംബങ്ങളിലെ സ്ത്രീകളും പാതിവ്രത്യം കർശനമായി പാലിക്കാൻ നിർബന്ധിതരായിരുന്നു.

കേരളത്തിലെ ഹിന്ദുസമുദായമായി കരുതപ്പെടുന്ന മറ്റു സമുദായങ്ങളിലൊന്ന് ഈഴവരുടേതാണല്ലോ. ഇവർ ഈഴത്തിൽനിന്ന് (ദ്വീപിൽനിന്ന് - ശ്രീലങ്കയിൽനിന്ന്) കുടിയേറിപ്പാർത്തവരാണെന്ന് കരുതിവരുന്നു. നമ്പൂതിരിമാർ ധാന്യകൃഷികൊണ്ടുവന്നതുപോലെ ഈഴവർ തെങ്ങിൻ കൃഷിയാണ് കൊണ്ടുവന്നത്. തേങ്ങ 'തെൻകായ' (തെക്കുനിന്നുള്ള കായ) ആണല്ലോ. ശ്രീലങ്കയിൽ ബുദ്ധമതവുമായി ബന്ധപ്പെട്ടുവളർന്ന വൈദ്യരീതികൾ അവരിൽ ചിലർക്കു വശമുണ്ടായിരുന്നു. തെങ്ങിൽ നിന്നും വൈദ്യത്തിൽനിന്നുമുള്ള വരുമാനം അവരിൽ ചിലരെ സമ്പന്നരാക്കിയിരുന്നു. എങ്കിലും നമ്പൂതിരിമാർ അവരെ നായന്മാർക്കും താഴെയുള്ള ജാതിയായാണ് നിലനിർത്തിയത്. ആദ്യംമുതൽ ഈഴവർ പൊതുവെ മക്കത്തായികളായിരുന്നു. ഒരച്ഛന്റെ ആൺമക്കളെല്ലാം വിവാഹം കഴിച്ച് അവരുടെ കുട്ടികളോടൊപ്പം കൂട്ടുകുടുംബമായി ഒരു തറവാട്ടിൽ കഴിയുന്നതായിരുന്നു അവരുടെ പതിവ്. അവരുടെ സ്ത്രീകൾ പാതിവ്രത്യം പാലിക്കാൻ നിർബന്ധിതരായിരുന്നു. പക്ഷെ അവർക്കിടയിലെ ദരിദ്രകുടുംബങ്ങളിലുള്ള പെൺകിടാങ്ങളെ പണ്ട് നായന്മാർ മോഹിപ്പിച്ച് ലൈംഗികബന്ധത്തിനുപയോഗിച്ചിട്ടുണ്ട്. പലപ്പോഴും ഇത് അവിഹിതഗർഭത്തിനും സ്ത്രീയുടെ ആത്മഹത്യയിലേക്കും കാരണമായിരിക്കണം. നായന്മാരിലെ സ്ത്രീകൾ പലരും പഴയ കാലത്ത് സുരതം കഴിഞ്ഞ ഉടനെ കിണ്ടിയുടെ വാലിലൂടെ യോനിയിലേക്ക് വെള്ളം കടത്തി കഴുകാൻ ശീലിച്ചിരുന്നു. ഇതുകൊണ്ട് ഇഷ്ടപ്പെടാത്ത ഗർഭം ഒഴിവാക്കാൻ അവർക്ക് കഴിഞ്ഞിരിക്കണം. ഇത് മറ്റു സമുദായങ്ങളിൽ പതിവില്ലായിരുന്നു.

ഈഴവരിൽ ആധുനികവിദ്യാഭ്യാസം നേടിയവർ കൂട്ടുകുടുംബം വിട്ട് അണുകുടുംബങ്ങളിലേക്ക് മാറുന്നത് ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽതന്നെ ആരംഭിച്ചിട്ടുണ്ട്. അവരുടെ സ്ത്രീകൾ പുരുഷന്മാരാൽ കർശനമായി ഒതുക്കപ്പെട്ടു. കമ്മാളരും, പുലയർ, പറയർ തുടങ്ങിയ അടിയാളവിഭാഗങ്ങളും ആദിവാസികളും പൊതുവെ മക്കത്തായികളായിരുന്നു. അധ്വാനിച്ച് ജീവിക്കുന്ന അവർക്കിടയിൽ സ്ത്രീകൾ താരതമ്യേന സ്വാതന്ത്ര്യം അനുഭവിച്ചു. എങ്കിലും മേൽജാതി പുരുഷന്മാരുടെ ലൈംഗികമായ അതിക്രമങ്ങൾ ഇവരു

# ദളിത് ലൈംഗികത

**രേഖരാജ്**

**ലൈംഗികതയെ** കുറിച്ചുള്ള ചർച്ചകൾ മറ്റേതു പൊതുപ്രസ്ഥാനങ്ങളെയും പോലെ ദളിത് പ്രസ്ഥാനങ്ങളിലും സജീവമായിട്ടില്ല. ദളിത് പ്രസ്ഥാനങ്ങൾ സാമുദായികമായ അവകാശങ്ങളിൽ ഊന്നിയുള്ള സംവാദങ്ങളിലാണ് കേന്ദ്രീകരിക്കുന്നത്. വ്യക്തികളെ അഭിമുഖീകരിക്കാനുള്ള രാഷ്ട്രീയ പദ്ധതികൾ ഇനിയും രൂപികരിക്കേണ്ടിയിരിക്കുന്നു. ദളിതരെ കുറിച്ച് പറയുമ്പോൾ ഏത് വിഷയത്തിലായാലും അവർക്ക് അനന്യവും സവിശേഷവും താരതമ്യേന ദുരൂഹമായ എന്തോ ജീവിതമുണ്ടെന്ന മട്ടിലാണ് പൊതുവെ ചർച്ച ചെയ്യപ്പെടുന്നത്. ഇതിൽ കഴമ്പുണ്ടെന്ന് തോന്നുന്നില്ല. ലൈംഗികതയുടെ കാര്യത്തിൽ പ്രത്യേകിച്ചും. പൊതുധാരയിലേത് പോലെയുള്ള എല്ലാ പ്രവണതകളും, ലൈംഗിക തിരഞ്ഞെടുപ്പ്, വിവാഹപൂർവ്വ ലൈംഗികത, വിവാഹേതര ബന്ധങ്ങൾ, വിമത ലൈംഗികത, ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവ ഈ സമൂഹത്തിലും സംഭവിക്കുന്നു. ഒന്നുകിൽ ഇര അല്ലെങ്കിൽ ആഹ്ലാദങ്ങളുടെ മറയില്ലാത്ത ആഘോഷം എന്നിങ്ങനെ ബ്ലാക്ക് ആൻഡ് വൈറ്റ് അല്ലാതെ അനേകം തട്ടുകളിലും സൂക്ഷ്മ അവസ്ഥകളിലും ദളിതരും ജീവിതത്തെ അനുഭവിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

എന്നാൽ കോളനി പോലുള്ള സ്ഥലങ്ങളെ അപരവൽക്കരിച്ച് കറുത്ത ശരീരങ്ങളെ ലൈംഗികമായ അയഞ്ഞ അവസ്ഥയുടെ പ്രതീകങ്ങളായി അവതരിപ്പിക്കുന്ന മുഖ്യധാര രീതികൾ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. പിതൃമേധാവിത്ത സ്വഭാവം പുലർത്തുന്ന ദളിത് പ്രസ്ഥാനങ്ങൾ സമുദായത്തിലെ അനുദിനം രൂക്ഷമായിരിക്കുന്ന ആൺകോയ്മ മൂല്യങ്ങളെ നേരിടേണ്ടതുണ്ട്.

ടെ സ്ത്രീകൾക്ക് പഴയകാലത്ത് സഹിക്കേണ്ടിവന്നിട്ടുണ്ട്.

കേരളത്തിലെ മുസ്ലീംസമുദായത്തിലെ സ്ത്രീകളാണ് പഴയകാലത്തെ നമ്പൂതിരി സ്ത്രീകളെപോലെ ഏറ്റവുമധികം പുരുഷാധിപത്യം സഹിക്കേണ്ടിവന്നിട്ടുള്ളത്. ഇന്നും അതിന് ഏറെയൊന്നും മാറ്റം വന്നിട്ടില്ല. പ്രവാചകൻ സ്ത്രീകൾക്ക് പല സൗകര്യങ്ങളും സ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുക്കുകയും ലൈംഗികാനന്ദം സ്ത്രീകളുടെ അവകാശമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രവാചകനുശേഷം ഇസ്ലാം മതപണ്ഡിതന്മാർ (ഉലമാക്കൾ) പുരോഹിതന്മാരെപോലെ സമുദായത്തിൽ അധികാരം കയ്യാളുന്നവരായിട്ടുണ്ട്. വിവാഹമോചനം പുരുഷന്മാർക്ക് അവളെ എളുപ്പമാക്കിയതുകൊണ്ടും ബഹുഭാര്യത്വത്തിനുള്ള അനുവാദം അതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെ ഉപയോഗിക്കപ്പെടുന്നതുകൊണ്ടും സ്ത്രീകൾ പൊതുവെ പുരുഷന്റെ ഇച്ഛക്ക് പൂർണ്ണമായും വിധേയരായി കഴിയാൻ നിർബന്ധിതരാവുന്നു. പൊതുവെ മക്കത്തായികളായ കേരളത്തിലെ ക്രിസ്ത്യൻ സമുദായത്തിൽ ലൈംഗികത പാപമാണെന്ന ഉറച്ച ധാരണയാണ് ഇന്നും നിലനിൽക്കുന്നത്. ഭൂരിപക്ഷം കത്തോലിക്കവിശ്വാസക്കാരുള്ള ഫ്രാൻസിൽ പോലും ഈ അവസ്ഥ മാറിയിട്ട് ദശകങ്ങൾ പലതായി. സ്വന്തമായി വരുമാനമുള്ള അല്പം ക്രിസ്ത്യൻ സ്ത്രീകൾക്ക് മാത്രമാണ് സ്വതന്ത്രമായി ശരീരത്തിന്റെ സന്തോഷങ്ങളനുഭവിക്കാൻ കഴിയുന്നത്. പൗരോഹിത്യത്തിന്റെ കർശനമായ സ്ത്രീവിരുദ്ധനിലപാടുകൾ കാരണം ലൈംഗികതയുടെ ആനന്ദം വിലക്കപ്പെട്ടതായി കരുതാനേ ഭൂരിഭാഗം സ്ത്രീകൾക്കും കഴിയുന്നുള്ളൂ.

**സത്യത്തിൽ പാതിവ്രത്യം നിലനിൽക്കുന്നുണ്ടോ?**

കേരളത്തിലെ 90 ശതമാനം സ്ത്രീകളും പതിവ്രതകളാവാൻ ശ്രമിക്കുന്നവരാണ്. അവരെ അതിൽ ഉറപ്പിച്ച് നിർത്താൻ പ്രാപ്തമായ സാമൂഹ്യസാഹചര്യങ്ങളാണ് ഇവിടെയുള്ളത്. നമ്മുടെ സ്ത്രീ 'സത്യത്തിൽ' പതിവ്രതകളാണോ എന്ന സംശയം, പുരുഷന്മാരിൽ നിന്നും വ്യത്യസ്തമാണ് സ്ത്രീകളുടെ ലൈംഗികാഭിലാഷങ്ങളെന്ന് തിരിച്ചറിയാത്തതുകൊണ്ടുണ്ടാവുന്നതാണ്. പുരുഷന്റെ ലൈംഗികാസക്തി ശരീരവിസർജ്ജനങ്ങളെപുറത്തുവിടാനുള്ള മുട്ടൽ പോലുള്ളതാണ്. സ്ത്രീയുടേത് രുചികരമായ ഭക്ഷണത്തിനുള്ള ആഗ്രഹംപോലുള്ളതാണ്. ഭക്ഷണം പാകപ്പെട്ട് കിട്ടുമ്പോൾ രുചിക്കാം അല്ലാതെ അതിനൊരു മുട്ടലൊന്നുമില്ല. പക്ഷെ പുരുഷന്മാർ പലരും സ്ത്രീകളും തങ്ങളെപ്പോലെ ലൈംഗികമായ മുട്ടലുമായി നടക്കുന്നവരാണെന്നു കരുതുന്നു. അതുകൊണ്ടാണ് അവർക്ക് പാതിവ്രത്യം വളരെ വിഷമമാണെന്ന ധാരണയുണ്ടാവുന്നത്. സാധാരണ നിലയിൽ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സ്ത്രീകൾക്ക് അതിലേറെയൊന്നും വിഷമം തോന്നുന്നില്ല. നമ്മുടെ ഫെമിനിസ്റ്റ് പ്രസ്ഥാനം സ്ത്രീകൾക്ക് ലൈംഗികസ്വാതന്ത്ര്യം നേടികൊടുക്കുന്നതിൽ വിജയിച്ചിട്ടില്ല. അവരുടെ സ്ത്രീസംരക്ഷണ കോലാഹലങ്ങൾ പല സ്ത്രീകളുടേയും പുരുഷഭയം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

**വിവാഹബാഹ്യബന്ധങ്ങളെക്കുറിച്ച് അഭിപ്രായം? ശരിക്കും അത് ആരോഗ്യകരമല്ലേ?**

വിവാഹബാഹ്യബന്ധങ്ങൾ കേരളത്തിൽ കുറവാണ്. അതിനെ കുറ്റമായി കരുതുന്ന പൊതുബോധം നിലനിൽക്കുന്നിടത്തോളം അതങ്ങിനെത്തന്നെ തുടരും. വിവാഹബാഹ്യബന്ധം ആരോഗ്യകരമെന്ന പൊതുപ്രസ്ഥാവനക്കർഥമില്ല. വ്യക്തികളുടെ ആരോഗ്യം സാമൂഹ്യാവസ്ഥയേയും പൊതുബോധത്തേയും അവഗണിച്ച് നിലനിർത്തുക വിഷമമാണ്. പുരുഷന്മാർക്കിന്ന് പല തരത്തിലുള്ള സ്ത്രീബന്ധം സാദ്ധ്യമാവുന്നുണ്ട്. സ്ത്രീയും അതേപോലെ പുരുഷബന്ധം ആഗ്രഹിച്ചുകഴിയുകയാണെന്ന ധാരണ ശരിയല്ല. നേരത്തെ പറഞ്ഞതുപോലെ സ്ത്രീകളുടെ ലൈംഗികാസക്തി പുരുഷന്മാരുടേതിൽനിന്നും വ്യത്യസ്തമാണ്. മഹാഭാരതത്തിലെ സംഭവപർവത്തിൽ പാണ്ഡുനാരിമാർക്ക് 'പുരുഷന്മാരിൽ തൃപ്തി വരുമാറില്ലയല്ലോ/പുരുഷം പ്രതിപുരുഷം പ്രതിനാരിമാർക്ക്/കരുതീടുകിൽ തൃഷ്ണ വർദ്ധിച്ചുവരുമത്രേ/വരുമാറില്ല സുരതത്തിലൊരലംഭാവം" എന്നൊക്കെ പറയുന്നുണ്ട്. ഇത് പാണ്ഡുവെപ്പോലെ സ്ത്രീബന്ധം നിഷിദ്ധമാക്കപ്പെട്ടവരുടെ ഭ്രമചിന്തയായേ കരുതേണ്ടതുള്ളൂ.

യൂറോപ്പ്, അമേരിക്കൻ ഐക്യനാടുകൾ, ജപ്പാൻ തുടങ്ങിയ ചില സ്ഥലങ്ങളിൽ ആധുനികകാലത്ത് ഗർഭധാരണോപകരണങ്ങൾ യഥേഷ്ടം ലഭ്യമാവുകയും, രതിമൂർച്ഛ എത്രത്തോളം ആനന്ദകരമാവാമെന്ന് സ്ത്രീകൾ തിരിച്ചറിയുകയും മതവിലക്കുകൾക്ക് പ്രസക്തിയില്ലാതാവുകയും ചെയ്ത സാഹചര്യത്തിൽ സ്ത്രീപുരുഷബന്ധം സ്ത്രീകളിൽ ഒട്ടും കുറ്റബോധമുണർത്താതെ ധാരാളം നടക്കുന്നുണ്ട്. നമ്മുടെ ഇന്നത്തെ അവസ്ഥ ആ രീതിയിൽ മാറിത്തീരാൻ ചുരുങ്ങിയത് ഒരു നൂറ്റാണ്ടെങ്കിലും കഴിയേണ്ടിവരുമെന്നാണ് ഇപ്പോൾ തോന്നുന്നത്.